(ബി) ഇല്ല. പഞ്ചായത്ത് മെമ്പർ പൊന്നയ്യായുടെ മൊഴിപ്രകാരം ഒരു കേസ് നമ്പർ 1/79 ആയി ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തു.

(സി) ഉദിക്കുന്നില്ല.

കുടിയിറക്കാൻ ശ്രമിച്ചതായി പരാതി

1111 [1776] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട്ടിൽ അരണക്കല്ല് പുതുവലിൽ കഴിഞ്ഞ 45 വർഷക്കാലമായി കൈവശമിരിക്കുന്ന ഭൂമിയിൽനിന്നും പാവപ്പെട്ട ഒരു കുടുംബത്തെ ഇറക്കിവിടാൻ ശ്രമിച്ചതായും അതിലെ മരങ്ങൾ ചില പ്രമാണികൾ വെട്ടിനശിപ്പിച്ചതായുമുള്ള ഏതെങ്കിലും പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

ഉണ്ട്.

ആർ. ടി. ഒ. ഓഫീസിലുള്ള ആളുകളുടെ പേരിലുള്ള കേസുകൾ

1112 [1777] ശ്രീ. ഒറി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധനവകുപ്പ് ആർ. ടി. ഒ. ഓഫീസിൽ ജോലി നോക്കുന്ന ആളുകളുടെ പേരിൽ 1970 മുതൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ഇതിൽ എത്രയെണ്ണം തെളിയിക്കപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) അഴിമതിനിരോധനവകുപ്പ് 1970 മുതൽ ആർ. ടി. ഒ. ഓഫീസുകളിൽ ജോലിനോക്കുന്ന ആളുകളുടെ പേരിൽ മൂന്ന് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും 38 അന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ മൂന്ന് ക്രൈം കേസുകളും 9 അന്വേഷണങ്ങളും തെളിയിക്കപ്പെട്ടിട്ടുണ്ട്.

പോലീസ് അതിക്രമങ്ങൾ നടത്തുന്നതായി പരാതി

1113 [1778] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്ത് പോലീസ് അതിരുകടന്ന് പ്രവർത്തിച്ചതായി എവിടെനിന്നെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) കോട്ടയം, നെടുമങ്ങാട്, മുണ്ടക്കയം, മേലോരം, മൂന്നാർ ശാന്തൻപാറ, തുടങ്ങിയ സ്ഥലങ്ങളിൽ പോലീസ് നടത്തിയ പ്രവൃത്തികളും ഇതിൽപ്പെടുമോ;

(സി) കോട്ടയത്തുനടന്ന ഓട്ടോറിക്ഷാ തൊഴിലാളികളുടെ പ്രകടനത്തെ പോലീസ് ബലം പ്രയോഗിച്ച് പിരിച്ചുവിട്ടു എന്ന് പറയുന്നത് ശരിയാണോ;

(ഡി) ഓട്ടോറിക്ഷ പോലീസ് തല്ലിത്തകർത്തതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം സിറ്റി കമ്മീഷണർക്ക് പതിമൂന്ന് പരാതി കത്ത് കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) അല്ല.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

പോലീസ് മാനുവൽ അനുസരിച്ചുള്ള സ്ഥലമാറ്റ നിബന്ധന

1114 [1781] ശ്രീ. പി. ബി. ആർ. പിള്ള:

,, എം. കെ. കേശവൻ

,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാർ തുടർച്ചയായി മൂന്നുവർഷത്തിൽ കൂടുതൽ ഒരേ സ്ഥലത്ത് സേവനം അനുഷ്ഠിക്കാൻ പാടില്ല എന്ന് പോലീസ് മാനുവലിൽ നിബന്ധനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിബന്ധന എക്കണോമിക് ഒഫൻസ് വിംഗിലെ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ബാധകമാണോ;

(സി) ആണെങ്കിൽ എക്കണോമിക് ഒഫൻസ് വിംഗിന്റെ തിരുവനന്തപുരം യൂണിറ്റിനു ഈ നിബന്ധന ബാധകമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ യൂണിറ്റിൽ ഇപ്പോഴും വിവിധ തസ്തികകളിലായി എത്ര ഉദ്യോഗസ്ഥൻമാരുണ്ടെന്ന് വ്യക്തമാക്കാമോ:

(ഇ) അവർ ഓരോരുത്തരും ഈ യൂണിറ്റിൽ സേവനം അനുഷ്ഠിക്കാൻ തുടങ്ങിയിട്ട് എത്രവർഷം വീതമായെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ യൂണിറ്റിൽ ഇന്ന് നിലവിലുള്ള കൈക്കൂലിയും അഴിമതിയും അവസാനിപ്പിക്കാൻ ഇവിടെ മൂന്നുവർഷത്തിൽ കൂടുതൽ സേവനം അനുഷ്ഠിച്ചവരെ സ്ഥലം മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമാണ്.

(സി) അങ്ങനെ ഏതെങ്കിലുമൊരു യൂണിറ്റിനെ നിയമത്തിൽ നിന്ന് ഒഴിവാക്കാറില്ല. എന്നാൽ അതാത് സ്പെഷ്യൽ യൂണിറ്റ് മേധാവിയുടെ ശുപാർശകൂടി കണക്കിലെടുത്തുകൊണ്ടാണ് സ്ഥലംമാറ്റം നടത്തുന്നത്. യൂണിറ്റ് മേധാവികളുടെ ശുപാർശയനുസരിച്ച് യുക്തമെന്ന് തോന്നുന്ന സന്ദർഭങ്ങളിൽ ചിലപ്പോൾ നിശ്ചിത സമയപരിധിക്കു ശേഷവും ചിലരെ ഒരേ യൂണിറ്റിൽ തുടരാൻ അനുവദിക്കാറുണ്ട്.

(ഡി)

ഡി. ഐ. ജി.	.. 1
സൂപ്രണ്ട്	.. 1
ഡെപ്യൂട്ടി സൂപ്രണ്ട്	.. 1
സർക്കിൾ ഇൻസ്പെക്ടർ	.. 1
സബ് ഇൻസ്പെക്ടർ	.. 2
ഹെഡ് കോൺസ്റ്റബിൾ	.. 1
പോലീസ് കോൺസ്റ്റബിൾ	.. 4

LIBRARY ARCHIVES Kerala Legislative Assembly